Page 1 of 1

(സി) കാഞ്ഞങ്ങാട്-ബാംഗ്ലൂർ-ചെന്നൈ ദേശീയപാതയ്ക്കുള്ള നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**തിരു-കൊച്ചി രാജപാത ഗതാഗതയോഗ്യമാക്കുവാൻ നടപടി**

274 (3137) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാതയിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത്, തിരുവിതാംകൂർ-കൊച്ചി രാജഭരണകാലത്തെ നെടുമ്പാശ്ശേരി-അത്താണി-എളവൂർ തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കടന്നുപോയിരുന്ന പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗമായിരുന്ന തിരു-കൊച്ചി രാജപാതയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കി, തിരു-കൊച്ചി രാജപാത ഗതാഗതയോഗ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) തിരു-കൊച്ചി രാജപാതയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇതിന്റെ വികസനത്തിനാവശ്യമായ തുക 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡ് പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ പാതയുടെ പ്രാധാന്യം കണക്കിലെടുത്ത് സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

**കൊല്ലം-തിരുമംഗലം ദേശീയപാതയ്ക്ക് സമാന്തരമായി ബൈപ്പാസ്**

275 (3138) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-തിരുമംഗലം ദേശീയപാതയിൽ പുനലൂർ നഗരസഭയിലൂടെ കടന്നുപോകുന്ന ദേശീയപാതയ്ക്ക് സമാന്തരമായി ബൈപ്പാസ് നിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly